## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 466 — 29.06.2015-ലെ മറുപടിയ്ക്ക്

### കൺസ്യൂമർ ഫെഡിന്റെസ്റ്റോറുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബാബു എം. പാലിശ്ശേരി | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കൺസ്യൂമർ ഫെഡിന്റെ ത്രിവേണി സ്റ്റോർ, നന്മ സ്റ്റോർ, നീതി സ്റ്റോർ എന്നിവയുടെ എത്ര വീതം ഔട്ട് ലെറ്റുകൾ പ്രവർത്തിക്കുന്നുണ്ട് ; | (എ) | സംസ്ഥാനത്ത് കൺസ്യൂമർഫെഡിന്റെ 232 ത്രിവേണി സ്റ്റോറുകളും, 806 നന്മ സ്റ്റോറുകളും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. നീതി സ്റ്റോറിന്റെ ഔട്ട് ലെറ്റുകൾ കൺസ്യൂമർഫെഡിൻ കീഴിൽ പ്രവർത്തിക്കുന്നില്ല. |
| (ബി) | പ്രസ്തുത സ്റ്റോറുകളുടെ 2014-15 സാമ്പത്തിക വർഷത്തെ വിറ്റുവരവ് എത്ര കോടി രൂപയാണ് ; | (ബി) | 2014-15 വർഷത്തിൽ ത്രിവേണി വിഭാഗത്തിലൂടെ 145.70 കോടി രൂപയുടെയും, നന്മ സ്റ്റോറുകളിലൂടെ 126.88 കോടി രൂപയുടെയും വിറ്റുവരവ് കൈവരിച്ചിട്ടുണ്ട്. |
| (സി) | അടുത്ത കാലത്ത് ചില ഔട്ട് ലെറ്റുകൾ അടച്ചുപൂട്ടുകയുണ്ടായോ ; എങ്കിൽ എത്ര എണ്ണം വീതം അടച്ചു പൂട്ടി ; | (സി) | അടുത്തകാലത്ത് വിവിധ ജില്ലകളിലായി 63 നന്മ സ്റ്റോറുകളും, 30 ത്രിവേണി സ്റ്റോറുകളും നിർത്തലാക്കിയിട്ടുണ്ട്. |
| (ഡി) | അടച്ചുപൂട്ടിയതിന്റെ കാരണം വിശദമാക്കാമോ ; | (ഡി) | സാമ്പത്തിക പ്രതിസന്ധിമൂലം വില്പനക്ക് ആവശ്യമായ അളവിൽ സാധനങ്ങൾ എത്തിക്കാൻ കഴിയാതെ വന്നതിനെ തുടർന്ന് വില്പന കുറയുകയും പല ത്രിവേണി/നന്മ സ്റ്റോറുകൾ നഷ്ടത്തിലാവുകയും ചെയ്ത സാഹചര്യത്തിൽ ത്രിവേണി/നന്മ സ്റ്റോറുകൾ അടച്ചുപൂട്ടേണ്ടി വന്നു. |

| | | | |
|---|---|---|---|
| (ഇ) | സംസ്ഥാനത്ത് വൻ വിലക്കയറ്റം അനുഭവപ്പെടുന്ന സാഹചര്യത്തിൽ പ്രസ്തുത സ്റ്റോറുകളെ ജനോപകാരപ്രദമായ രീതിയിൽ നിലനിറുത്തിക്കൊണ്ടു പോകുന്നതിന് കൺസ്യൂമർ ഫെഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ? | (ഇ) | നിലവിലുള്ള യൂണിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനാണ് ഫെഡറേഷൻ ഇപ്പോൾ മുൻഗണന നൽകുന്നത്. സർക്കാരിൽ നിന്നും സബ്സിഡി നഷ്ടയിനത്തിൽ ലഭിക്കാനുള്ള തുക അനുവദിക്കുകയും ജില്ലാ ബാങ്കുകളിൽ നിന്നും സർക്കാർ ഗ്യാരന്റിയോടെ എടുക്കുന്നതിന് അനുവാദം നൽകിയിട്ടുള്ള 150 കോടി രൂപയുടെ വായ്പ ലഭിക്കുകയും ചെയ്താൽ സ്റ്റോറുകളുടെ വില്പന മെച്ചപ്പെടുകയും, ജനോപകാരപ്രദമായ രീതിയിൽ പ്രവർത്തിക്കുവാൻ സാധിക്കുകയും ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ